**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1764** **13-02-2025 - ൽ മറുപടിയ്ക്ക്**

**റോഡപകടങ്ങൾ കുറയ്ക്കാൻ പ്രായോഗിക നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ റോഡപകടങ്ങൾ വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>അശ്രദ്ധയോടെയും നിയമവിരുദ്ധവുമായും വാഹനമോടിക്കുന്നതും വാഹനപെരുപ്പത്തിനനുസരിച്ച് റോഡുകൾ വികസിക്കാത്തതും കാരണമാണ് റോഡപകടങ്ങൾ വർദ്ധിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തുണ്ടാകുന്ന വാഹനാപകടങ്ങളുടെ പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(എ)പല ഡ്രൈവർമാരും വാഹനത്തെക്കുറിച്ചോ റോഡിനെക്കുറിച്ചോ ധാരണയില്ലാതെ അമിത വേഗതയിൽ വാഹനം ഓടിക്കുന്നത് അപകടങ്ങൾക്ക്കാരണമാകുന്നു.<br><br>(ബി)വാഹനം ഓടിക്കുന്നവർ പലപ്പോഴും സ്പീഡ് ലിമിറ്റ് പാലിക്കാതെയും ഹെൽമെറ്റ് ഉപയോഗിക്കാതെയും സീറ്റ് ബെൽറ്റ് ഉപയോഗിക്കാതെയും വാഹനമോടിക്കുന്നത് അപകടങ്ങൾക്ക് കാരണമാകുന്നു.<br><br>(സി)മൊബൈൽ ഫോൺ ഉപയോഗിച്ചു കൊണ്ട് വാഹനമോടിക്കുന്നത്.<br><br>(ഡി)മെക്കാനിക്കൽ തകരാറുകൾ ഉള്ള വാഹനങ്ങൾ ഓടിക്കുന്നത്.<br><br>(ഇ) അശ്രദ്ധമായി റോഡ് മറികടക്കൽ.<br><br>(എഫ്)രാത്രികാലങ്ങളിൽ ഡിം - ബ്രൈറ്റ് ലൈറ്റ് ശരിയായി ഉപയോഗിക്കാതിരിക്കുന്നത്.<br><br>(ജി) അമിത ഭാരം കയറ്റി വാഹനം ഓടിക്കുന്നത്.<br><br>(എച്ച്) വെളിച്ചക്കുറവ് മൂലം.<br><br>(ഐ)മതിയായ വിശ്രമമില്ലാതെ വാഹനമോടിക്കുക. |

| | | | |
|---|---|---|---|
| | | | (ജെ)മദ്യം, മയക്കമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കൾ ഉപയോഗിച്ച് വാഹനമോടിക്കുന്നത്.<br><br>(കെ)ട്രാഫിക് നിയമം ലംഘിച്ച് വാഹനങ്ങൾ ഓടിക്കുന്നത്. |
| (ബി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ റോഡുകളിലെ സ്ഥിരം അപകട മേഖലകളിൽ പോലീസ് ഉദ്യോഗസ്ഥരെയും, ഹോം ഗാർഡുമാരെയും ഗതാഗത നിയന്ത്രണത്തിനായി ഡ്യൂട്ടിക്കു നിയമിച്ച് വരുന്നു. കൂടാതെ വാഹനങ്ങളുടെ അമിത വേഗത കണ്ടെത്തുന്നതിനായി ഇൻറർസെപ്റ്റർ വാൻ നിരത്തുകളിൽ പട്രോളിങ് നടത്തി വരുന്നുണ്ട്. അപകട സാധ്യതാ മേഖലകളിൽ മുന്നറിയിപ്പ് ബോർഡുകൾ, PWD, NHAI, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവരുടെ സഹകരണത്താൽ ബ്ലിങ്കർ ലൈറ്റ്, ഡിവൈഡർ, റിമ്പിൾ സ്ട്രിപ്പ് തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. വളവുകൾ, റോഡ്/നടപ്പാത കയ്യേറ്റം ഒഴിവാക്കൽ, കാഴ്ച മറയ്ക്കുന്ന മരങ്ങൾ വെട്ടി മാറ്റുന്നത്, തെരുവ് വിളക്കുകൾ, സിഗ്നൽ ലൈറ്റുകൾ, ദിശാബോർഡുകൾ, മീഡിയനുകൾ, സീബ്രാ ലൈനുകൾ സ്ഥാപിക്കൽ, അനധികൃത ഓപ്പണിങ്ങുകൾ/യു-ടേൺ ഒഴിവാക്കൽ തുടങ്ങിയ കാര്യങ്ങളിൽ ട്രാഫിക്ക് റഗുലേറ്ററി കമ്മിററി യോഗം ചേർന്ന് തീരുമാനങ്ങൾ കൈകൊണ്ടിട്ടുള്ളതും നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. അമിത വേഗത നിയന്ത്രിക്കുന്നതിനായി റോഡിൽ സ്പീഡ് ബ്രേക്കറുകൾ സ്ഥാപിച്ചും തിരക്കേറിയ സ്ഥലങ്ങളിലും ജംഗ്ഷനുകളിലും വേഗത കുറക്കാൻ ആവശ്യമായ ട്രാഫിക് സിഗ്നലുകൾ കൂടാതെ മഞ്ഞവര/ തുടർച്ചയായ ഡിപ് എന്നിവ സ്ഥാപിച്ചു വരുന്നുണ്ട്. റോഡുകളിലെ സ്ഥിരം അപകടമേഖലകളിൽ യാത്രാ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ബ്ലാക്ക് സ്പോട്ടുകൾ നിർണ്ണയിച്ചും, അപകടസ്ഥലങ്ങൾ സന്ദർശിച്ച് അപകടകാരണങ്ങൾ കണ്ടെത്തി ആയവ കുറക്കുന്നതിലേക്കായി കർശന നിരീക്ഷണം നടത്തുന്നതിനായി സെക്ടർ എൻഫോഴ്സ്മെന്റ് പാർട്ടികളെ നിയോഗിച്ചിട്ടുള്ളതുമാണ്. അമിതഭാരം കയറ്റിയും, മദ്യവും മറ്റു ലഹരിപദാർത്ഥങ്ങൾ ഉപയോഗിച്ചും, അമിത വേഗതയിൽ വണ്ടിയോടിച്ചു വരുന്നവരെ കണ്ടെത്തി പിഴ ഈടാക്കിയും ഇത്തരത്തിൽ വാഹനമോടിച്ച് അപകടം വരുത്തുന്ന കേസുകളിൽ വാഹനമോടിച്ചവരുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യാനുള്ള നിർദ്ദേശം മോട്ടോർ വാഹന വകുപ്പിനു കൈമാറിയിട്ടുണ്ട്. അശ്രദ്ധമായി കാൽനടയാത്രക്കാർ റോഡ് മുറിച്ചു കടക്കുന്നതുമൂലം വാഹനാപകടങ്ങളിൽപെടുന്നത് ഒഴിവാക്കുന്നതിനായി റോഡുകളുടെ മീഡിയനുകളിൽ |

| | | | |
|---|---|---|---|
| | | | ഫെൻസിംഗുകൾ സ്ഥാപിക്കുന്നതിനായി വിവിധ റോഡ് പരിപാലന ഏജൻസികൾക്ക് കത്ത് നൽകി നടപടി സ്വീകരിച്ചിട്ടുള്ളതാകുന്നു. റോഡുകളിലെ മീഡിയനുകളിൽ രാത്രികാലങ്ങളിൽ ദൃശ്യമാകുന്ന സൂചന ബോർഡുകൾ സ്ഥാപിക്കുന്നതിനും സ്കൂളുകൾക്ക് സമീപം സൂചന ബോർഡുകൾ സ്ഥാപിക്കുന്നതിനും റോഡ് പരിപാലന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡിന്റെ ഉപരിതലത്തിലെ ഏറ്റക്കുറച്ചിലുകൾ മൂലം വാഹനാപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ആയത് പരിഹരിക്കുന്നതിനും റോഡുകളിൽ രൂപപ്പെടുന്ന കുഴികൾ, പൊട്ടിപ്പൊളിഞ്ഞ സ്ലാബുകൾ എന്നിവ അറ്റകുറ്റപണികൾ ചെയ്യുന്നതിനുമായും വിവിധ റോഡ് പരിപാലന ഏജൻസികൾക്ക് ജില്ലാ അടിസ്ഥാനത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. അപകടങ്ങൾ കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, ഡ്രൈവർമാർ, റൈഡർമാർ എന്നിവർക്ക് ബോധവത്കരണങ്ങളും നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തുണ്ടാകുന്ന മേജർ അപകടങ്ങൾ സുപ്രീം കോടതി കമ്മറ്റിയുടെ നിർദ്ദേശ പ്രകാരം എല്ലാ ഏജൻസികളും പരിശോധന നടത്തി കാരണങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>തുടർച്ചയായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങൾ NATPAC മുഖാന്തരം ശാസ്ത്രീയമായി അപകടകാരണങ്ങൾ കണ്ടെത്തി അപകടങ്ങളുടെ തീവ്രതയനുസരിച്ച് മുൻഗണനാക്രമം നിശ്ചയിക്കുകയും പ്രസ്തുത ഭാഗങ്ങളിൽ (ബ്ലാക്ക് സ്പോട്ടുകളിൽ) പോലീസിന്റെയും, മോട്ടോർ വാഹന വകുപ്പിന്റെയും , റോഡ് സുരക്ഷ അതോറിറ്റിയുടെയും സഹകരണത്തോട് കൂടി സംയുക്ത സ്ഥല പരിശോധന നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള തിരുത്തൽ പ്രവർത്തികൾ ഫണ്ട് ലഭ്യതയനുസരിച്ച് നടപ്പാക്കുന്നു. |
| (സി) | ട്രാഫിക് സിഗ്നലുകൾ രാത്രികാലങ്ങളിൽ അണയ്ക്കുന്നതുമൂലം റോഡപകടങ്ങൾ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രധാനപ്പെട്ട ജംഗ്ഷനുകളിലെ ട്രാഫിക് സിഗ്നലുകൾ 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കണമെന്ന് റോഡ് സുരക്ഷാ അതോറിറ്റി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | ശ്രദ്ധയിൽ പെട്ടിട്ടില്ല. പ്രധാനപ്പെട്ട ജംഗ്ഷനുകളിലെ ട്രാഫിക്ക് സിഗ്നലുകൾ 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കണമെന്ന് റോഡ് സുരക്ഷാ അതോറിറ്റി എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | റോഡപകടങ്ങളുടെ കാരണങ്ങൾ കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിനായി നിയമം കർശനമാക്കുന്നതുൾപ്പെടെ കൂടുതൽ പ്രായോഗിക നടപടികൾ സ്വീകരിക്കുമോ? | (ഡി) | റോഡ് അപകടങ്ങളുടെ കാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. നിയമ ലംഘകർക്ക് എതിരെ കർശന നിയമനടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ